ടാക്സ്

* ന. ഉ. (ന) ശ്രീ. പി. കെ. കുമാരൻ ആചാരി. താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഐക്യസംസ്ഥാനത്തെ ജനങ്ങളിൽനിന്നും ഈടാക്കിവരുന്ന ടാക്സുകൾ ഏതെല്ലാം;

(ബി) ഈ ബഡ്ജറ്റ വർഷത്തിൽ (ക്രി ൽ ൪൦–ക്രി ൽ ൪൧) ഓരോ ഇനത്തിൽ നിന്നും കിട്ടിയിട്ടുള്ള തുക എത്ര;

(സി) തിരുവിതാംകൂറിലേയും–കൊച്ചിയിലേയും നികുതിയിൽ വല്ല വ്യത്യാസവുമുണ്ടോ; ഉണ്ടെങ്കിൽ അതെന്താണു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) സംസ്ഥാനം, കേന്ദ്രഗവൺമെണ്ടു്, സ്വയംഭരണ സമിതികൾ എന്നിവ വസൂലാക്കുന്നതായി ടാക്സുകൾ, നേരിട്ടും അല്ലാതെയും, പലതുമുണ്ടു്. ഈവക ടാക്സുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുന്നതിനു് വേണ്ടിവരുന്ന സമയവും, ബുദ്ധിമുട്ടും അതിൽനിന്നും ലഭിക്കാവുന്ന പ്രയോജനത്തോടു തട്ടിച്ചു നോക്കുമ്പോൾ അനുയോജ്യമല്ല. എതായാലും സ്റ്റേറ്റു ബഡ്ജറ്റും കേന്ദ്രഗവൺമെണ്ടു ബഡ്ജറ്റും നോക്കിയാൽ സംസ്ഥാനവും കേന്ദ്രവും വസൂലാക്കുന്ന പ്രധാന ടാക്സുകളെപ്പറ്റി ഒരറിവു ലഭിക്കുന്നതാണു്.

(ബി) ഈയാണ്ടത്തെ കണക്കുകൾ തീർന്നതിനുശേഷം മാത്രമേ ഈ വിവരം അറിയാൻ കഴികയുള്ളൂ.

(സി) ഇനികതി സംബന്ധിച്ചു് വ്യത്യാസമുണ്ടു്. അധിഷ്ഠാന നികുതി തിരുവിതാംകൂർ പ്രദേശത്തു് ഈടാക്കുന്നുണ്ടു്. കൊച്ചിയിലില്ല.

ട്രാവലിംഗ് അലവൻസു്

• ന. വ. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ക്രി൫ ൦-ൽ ഓരോ മന്ത്രിമാരും ട്രാവലിംഗ് അലവൻസും ഡെയിലി അലവൻസുമായി അവകാശപ്പെട്ടിട്ടുള്ള തുക എത്ര;

(ബി) ക്രി ൫ ൦-ൽ ഓരോ ഡിപ്പാർട്ടുമെണ്ടിലെയും ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ടി. എ., ഡി. എ. ഇനത്തിൽ അവകാശപ്പെട്ടിട്ടുള്ള തുകയെത്ര?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ, ബി) പ്രത്യേകം വക തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

Travelling allowance and daily allowance drawn by the Hon'ble the Chief Minister and the other Ministers in 1950

		Rs.	A.	P.
1.	Sri. T. K. Narayana Pillai, Hon'ble the Chief Minister ..	3,550	8	0
2.	Sri. A. J. John, Hon'ble Minister ..	2,657	12	0
3.	Sri. Panampilly Govinda Menon, Hon'ble Minister ..	10,355	15	0

LIBRARY ARCHIVES Kerala Legislative Assembly